കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ അസംബ്ലി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭ്യമായ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.336/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 05/02/2018

---

പരാമർശം :- (1) ജി.ഒ.(ആർ.റ്റി.) 2119/17/എൽ.എസ്.ജി.ഡി. തീയതി 23.06.2017.

(2) ചെങ്ങന്നൂർ എം.എൽ.എ. അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ അവർകളുടെ 30.11.2017 ലെ CGNR-ADF-01/2017 നമ്പർ കത്ത്.

ഉത്തരവ്

ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിൽ "കുറ്റിക്കാട്ടുപടി ചപ്പാത്ത് റോഡ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി" എന്ന പ്രവൃത്തിക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) "കുറ്റിക്കാട്ടുപടി ചപ്പാത്ത് റോഡ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) ലെ കത്തിലൂടെ ചെങ്ങന്നൂർ എം.എൽ.എ ആയിരുന്ന അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ ആവശ്യപ്പെട്ടിരുന്നു.

(3) നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവിലൂടെ ഭരണാനുമതി ലഭിച്ച "കുറ്റിക്കാട്ടുപടി ചപ്പാത്ത് റോഡ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് : - ചെങ്ങന്നൂർ എം.എൽ.എ.യുടെ പി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ